# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.782 09.08.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ: | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി സാംസ്കാരിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നും അവസരോചിതമായി ഉണ്ടാകുന്നുണ്ട്.<br>2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും, 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും വിവിധ അക്കാദമികൾക്ക് സാംസ്കാരിക മണ്ഡലത്തിലെ ഇടപെടലുകൾ ദൃഢപ്പെടുത്തുന്നതിനായി ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിനുപരി 50% വർദ്ധനവ് പദ്ധതിയിനത്തിൽ വരുത്തിയിട്ടുണ്ട്.<br>സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും സാംസ്കാരിക നയരൂപീകരണങ്ങൾക്ക് നേതൃത്വം നൽകാനും സംസ്ഥാനത്ത് ഒരു 'ഉന്നതാധികാര സാംസ്കാരിക കൗൺസിൽ' രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയായി വരികയാണ്.<br>സാംസ്കാരിക സ്ഥാപനം/രംഗത്ത് പുത്തനുണർവ് |

പകരുന്നതിലേയ്ക്കായി KIIFB ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു.

(i) KIIFB ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലയിലും സാംസ്കാരിക നായകന്മാരുടെ പേരിൽ സാംസ് കാരിക സമുച്ചയങ്ങൾ.

(ii) KSFDC യുടെ കീഴിൽ റവന്യൂ/ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലഭ്യമായ സ്ഥലത്ത് തീയേറ്റർ കോംപ്ലക്സ് നിർമ്മാണം.

(iii) KSFDC യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വികസനത്തിന്റെ ഭാഗമായി ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിംസിറ്റിയായി ഉയർത്തൽ.

(iv) ചിത്രാഞ്ജലി സ്റ്റുഡിയോ കാമ്പസിൽ അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി നിർമ്മാണം.

പ്രവാസികളുടെ ഭാഷാ പഠനത്തിലും സാംസ്കാരിക ഏകോപനത്തിനും വേണ്ടി രൂപകല്പന ചെയ്ത മലയാളം മിഷനെ ഈ സർക്കാർ ഒന്നുകൂടി ഭാവനാ സമ്പന്നമാക്കുന്നു. മുഴുവൻ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ആരംഭിക്കുന്ന മലയാളം മിഷൻ ചാപ്റ്ററുകൾക്കു കീഴിൽ മലയാള പഠന കേന്ദ്രങ്ങൾ ഒരുക്കുവാനുള്ള ഉദ്യമം ആരംഭിച്ചു കഴിഞ്ഞു. 1000 യുവ കലാകാരന്മാർക്ക് പ്രതിമാസം 10,000/- രൂപ വീതം നൽകുന്ന 'വജ്രജൂബിലി ഫെലോഷിപ്പ്' പദ്ധതി നടപ്പിലാക്കുന്നതാണ്. സിനിമ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സിനിമ റഗുലേറ്ററി രൂപീകരിയ്ക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**